# ബർന്നബാസ് അപ്പൊസ്തലൻ

**പാഠഭാഗം:** പ്രവൃത്തി 4:32-37, 9:27, 11:19, 15:38
**മനഃപാഠം:** പ്രവൃത്തി 11:23,24
അവൻ ചെന്നു ദൈവകൃപ കണ്ട് സന്തോഷിച്ചു. എല്ലാവരും ഹൃദയനിർണ്ണയത്തോടെ കർത്താവിനോട് ചേർന്നു നിൽപ്പാൽ തക്കവണ്ണം പ്രബോധിപ്പിച്ചു. അവൻ നല്ല മനുഷ്യനും പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞവനും ആയിരുന്നു. വളരെ പുരുഷാരം കർത്താവിനോടു ചേർന്നു.
**ലക്ഷ്യം:** കർത്താവിനെ നിർമ്മലതയോടെ പിൻപറ്റിയ ഒരു യഥാർത്ഥ ക്രിസ്ത്യാനിയായിരുന്നു ബർന്നബാസ്. തന്റെ കഴിവിന്റെ പരമാവധി സുവിശേഷത്തിനായി രാപ്പകൽ അദ്ധ്വാനിച്ചു. തൽഫലമായി അനേകർ കർത്താവിനോടു ചേർന്നു. നമ്മുടെ ജീവിതവും ബർന്നബാസിന്റെ ജീവിതവുമായി താരതമ്യപ്പെടുത്തി തന്റെ ചില പ്രത്യേക സവിശേഷതകൾ പഠിക്കുക. കർത്താവിനോട് മറ്റുള്ളവർ ചേരണമെങ്കിൽ നാം എങ്ങനെ ജീവിക്കണം.
**പ്രാരംഭം:** യേശുക്രിസ്തുവിന്റെ തിരഞ്ഞെടുപ്പിൽ ഉൾപ്പെടാത്തവരും പിൽക്കാലത്ത് അപ്പൊസ്തലന്മാർ എന്നു പ്രസിദ്ധരുമായവരിൽ ഒരുവനാണ് ബർന്നബാസ്. പ്രബോധനപുത്രൻ എന്നാണ് ആ പേരിന്റെ അർത്ഥം. അദ്ദേഹം ലേവ്യ ഗോത്രത്തിൽ ഉൾപ്പെട്ടവനാണ്. ജന്മസ്ഥലം മധ്യധരണിയാഴിയുടെ മദ്ധ്യേയുള്ള കുപ്രോസ് എന്ന ദ്വീപാണ്. അവിടം യെരുശലേമിൽ എത്തുന്നത്. ശൗലിനെ പല അപ്പൊസ്തലന്മാരും ക്രിസ്തു വിരോധി എന്ന നിലയിൽ കരുതുവാൻ ശങ്കിച്ചു. എന്നാൽ ബർന്നബാസ് ശൗലിനെ അപ്പൊസ്തലന്മാർ വിശ്വസിക്കുംവിധം പരിചയപ്പെടുത്തി. (അവന്റെ മുൻ പരിചയമോ ബന്ധമോ ശൗലിന്റെ മാനസാന്തര വിവരം പൂർണ്ണമായി ഗ്രഹിച്ചിരുന്നതിനാലോ എന്ന് നിർണ്ണയിക്കുക വയ്യ) അന്നു മുതൽ ശൗലും ബർന്നബാസും വളരെ അടുത്ത പ്രവർത്തകരായി കാണുന്നു. മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുന്നവനും അവരുടെ നന്മയ്ക്കായി ചിന്തിക്കുന്നവനുമായിരുന്നു ബർന്നബാസ്.

**ബർന്നബാസ് അന്ത്യോക്യയിലേക്ക് (പ്രവൃ. 11:9-26)**

സ്തേഫാനോസിന്റെ മരണം മൂലം യെരുശലേമിൽ ഒരുമിച്ചു താമസിച്ചവരിലധികവും പല ഭാഗ

# BARNABAS THE APOSTLE

**Objective:** Barnabas was a holy man who followed Jesus. He served him with all his heart. This led many people to Jesus. We should imitate Barnabas in leading others to Christ.

**Portion to read:** Acts 4:32-37;9:27; 11:19; 15:38

**Memory Verse:** Acts 11:23, 24

*Who, when he came, and had seen the grace of God, was glad, and exhorted them all, that with purpose of heart they would cleave unto the Lord.For he was a good man, and full of the Holy Ghost and of faith: and much people was added unto the Lord.*

**Introduction:** Barnabas is one of the apostles who was not chosen by Jesus while on earth, but was called an apostle later on. His name means 'Son of Encouragement'. He belonged to the tribe of Levi. He was born in Cyprus, an island in the Mediterranean Sea. Many Jews and Greeks had inhabited that island. It was Barnabas who introduced Paul to the apostles (we are unable to determine whether Barnabas and Saul were former acquaintance/friends or not). And their friendship was deep rooted and they worked together in the ministry. Barnabas encouraged others and always looked forward to the best in others.

**Barnabas to Antioch (Acts 11:9-26)**

After Stephen's death, the Christians in

ങ്ങളിലേക്കു ചിതറി പാർത്തു (അവരിൽ കുപ്രോസുകാരും ഉണ്ടായിരുന്നു എന്ന പ്രസ്താവന ഒരു കാര്യം വ്യക്തമാക്കുന്നു. കുപ്രോസിൽനിന്നും ബർന്നബാസും മറ്റ് ആൾക്കാരും യെരുശലേമിൽ എത്തി ശിഷ്യഗണത്തിൽ ഉൾപ്പെട്ടിരുന്നു എന്ന്) അവരിൽ ഒരു കൂട്ടം അന്ത്യോക്യയിലും എത്തി സുവിശേഷം അറിയിച്ചു. അവർ ആദ്യം യഹൂദന്മാരോടു മാത്രമെ സുവിശേഷം അറിയിച്ചുള്ളു. പിന്നെ യവനരോടും സുവിശേഷിച്ചു. അങ്ങനെ വലിയൊരു കൂട്ടം രക്ഷിക്കപ്പെട്ട് സ്നാനം ഏറ്റ് സഭയോടു ചേർന്നു. ഈ വാർത്ത മാതൃസഭയായ യെരുശലേമിലും അറിഞ്ഞു. അവർ യെരുശലേമിൽ നിന്ന് അന്ത്യോക്യയിലേക്ക് ബർന്നബാസിനെ അയച്ചു. (അന്ത്യോക്യ-യെരുശലേം ദൂരം എത്ര മൈൽ) അവൻ ചെന്ന് അന്ത്യോക്യയിലെ വിശ്വാസികളെ ഉപദേശത്തിൽ ഉറപ്പിച്ചു. അവർ പരിശുദ്ധാത്മാവിൽ നിറയപ്പെട്ടു. ബർന്നബാസ് നല്ല മനുഷ്യനും പരിശുദ്ധാത്മാവിലും വിശ്വാസത്തിലും നിറഞ്ഞവനുമായതിനാൽ വളരെ പേർ കർത്താവിനോടു ചേർന്നു.

ബർന്നബാസ് അനന്തരം ശൗലിനെ തേടി തർസോസിലേക്കു ചെന്നു. ശൗലിനെയും കൂട്ടിക്കൊണ്ട് അന്ത്യോക്യയിലേക്കു വരികയും അവർ ഒരു സംവത്സരം മുഴുവൻ അവിടെ ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്തു. അന്നാണ് ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്നു പേരായത്. ബർന്നബാസ് ശൗലുമായി സുവിശേഷ പ്രചരണത്തിൽ തുടർന്നു. (11:27–30, 12:3–25, 13:13) അന്ത്യോക്യയിൽ നിന്നും യെരുശലേമിലെ സഭയ്ക്കുള്ള സംഭാവനയുമായി ബർന്നബാസും ശൗലും യെരുശലേമിൽ എത്തി. യെരുശലേമിൽ നിന്ന് പ്രവാചകന്മാർ വന്ന് ക്ഷാമത്തെക്കുറിച്ച് പ്രവചിച്ചതും ആദ്യകാല സ്വത്തു വില്പന നടപടിയുമാണ് ഈ ധനശേഖരണത്തിനുള്ള പ്രചോദനം. അവർ യെരുശലേമിൽ നിന്ന് മർക്കോസ് എന്നു പേരുള്ള യോഹന്നാനെയും കൂട്ടി അന്ത്യോക്യയിലേക്ക് മടങ്ങി. അവരുടെ ശുശ്രൂഷയിൽ സഭയ്ക്ക് തൃപ്തിയും ദൈവത്തിന് മഹത്വവും ആത്മാക്കൾക്ക് പ്രയോജനവും ഉണ്ടായതിനാൽ ശൗലിനെയും ബർന്നബാസിനെയും അപ്പൊസ്തലന്മാർ കൈവച്ച് പ്രാർത്ഥിച്ച് വേലയ്ക്ക് വേർതിരിച്ചു.

**ബർന്നബാസിന്റെ ഒന്നാം സുവിശേഷ യാത്ര**
**(പ്രവൃ. 13, 14)**

അപ്പൊസ്തലനായ പൗലൊസിന്റെയും ബർന്നബാസിന്റെയും ഒന്നാം മിഷണറി യാത്രയുടെ ഭാഗം മുൻ പാഠത്തിൽ നിന്ന് ആവർത്തിച്ച് പഠിക്കണം. അവർ കുപ്രോസ് ദ്വീപിൽ നിന്നും പെർഗ്ഗയിൽ എത്തിയപ്പോൾ ബർന്നബാസിന്റെ സഹോദരനായ

Jerusalem, were scattered (There were some believers from Cyprus also, Barnabas belonged to Cyprus). Some of them came to Antioch and preached gospel there. They preached the gospel to the Jews and later on to the Hellenists (Greeks). A large number believed in Jesus, were baptized and joined the Church. When the apostles in Jerusalem heard this news, they sent Barnabas to Antioch. (How far is Antioch from Jerusalem?). He went and strengthened them in faith, and led them to Christ. They were filled with the Holy Spirit. Since he was a good man, full of faith and looked out for others, he could lead many to Christ.

Later Barnabas went to Tarsus in search of Saul. He brought him, to Antioch and they both served there for 1 year. It was there that the disciples were called Christians. Barnabas and Saul brought a contribution from the church at Antioch to the church in Jerusalem. The prophetic words of a famine happening in near future and the teaching to consider individual properties as common, were the driving factors behind this contribution. From Jerusalem, they took John Mark with them to Antioch. Since the Holy Spirit commanded, the apostles separated Paul and Barnabas for missionary work.

**Barnabas first missionary Journey**

**(Acts 13, 14)**

Barnabas and Paul came to Perga from Antioch (Learn again the routes from the previous chapter). There John Mark left them and went back to Jerusalem. This led to the separation in the journey of Paul and Barnabas. In their journey, Barnabas also faced trials and oppositions along with Paul.

യോഹന്നാൻ തിരികെ യെരുശലേമിലേക്കു പോയി. അത് ബർന്നബാസും ശൗലും തമ്മിൽ അകലുന്നതിന് ഇടയായി എന്ന് പിൽക്കാല ചരിത്രത്തിൽ നിന്ന് മനസ്സിലാക്കാം. ആ സുവിശേഷ യാത്രയിൽ ബർന്നബാസിന് പുകഴ്ചയും അപമാനവും എല്ലാം പൗലൊസിനൊപ്പം ഉണ്ടായി. ലൂസ്ത്രയിൽ മുടന്തനെ സൗഖ്യമാക്കിയപ്പോൾ ബർന്നബാസിന് ചന്ദ്രൻ എന്നും പൗലൊസിന് ബുധൻ എന്നും പേരിട്ടു പൂജിക്കുവാൻ ഭവിച്ചു. അന്ത്യോക്യയിലും, ലൂസ്ത്രയിലും, ഇക്കോന്യയിൽ വെച്ചും ബർന്നബാസിന് ഉപദ്രവം വളരെ നേരിട്ടു. അവർ അനന്തരം, സന്ദർശിച്ച സ്ഥലങ്ങൾ വഴി മടങ്ങി പോന്നു.

**ബർന്നബാസ് യെരുശലേം സമ്മേളനത്തിൽ (പ്രവൃ.15:1 –34)**

ശൗലും ബർന്നബാസും അന്ത്യോക്യയിൽ എത്തി. അതിനു മുമ്പ് തന്നെ യെഹൂദ്യയിൽ നിന്നും ചില സഹോദരന്മാർ (യഹൂദ സഹോദരന്മാർ) അന്ത്യോക്യയിൽ എത്തി. യവന വിശ്വാസികളും പരിഛേദന ആചാരാനുഷ്ഠാനങ്ങൾ തങ്ങൾ ഏറ്റിരിക്കും പോലെ ഏല്ക്കണം എന്നു പറഞ്ഞു. അത് വളരെ ചിന്താക്കുഴപ്പം ഉണ്ടാക്കിയിരിക്കുന്ന സമയത്താണ് അപ്പൊസ്തലന്മാരുടെ വരവ്. അവരുമായി വാഗ്വാദവും തർക്കവും എല്ലാം ഉണ്ടായി.

ഈ വിഷയത്തെക്കുറിച്ചും ചർച്ച ചെയ്ത് തീരുമാനമുണ്ടാക്കുവാൻ ബർന്നബാസും ശൗലും യെരുശലേമിലേക്കു യാത്ര അയയ്ക്കപ്പെട്ടു. അപ്പൊസ്തലന്മാരും മൂപ്പന്മാരും മറ്റുമുള്ള വലിയ സദസ്സിന്റെ അദ്ധ്യക്ഷൻ കർത്താവിന്റെ സഹോദരനായ യാക്കോബായിരുന്നു. പത്രൊസ്, ബർന്നബാസ്, ശൗൽ ആദിയായവർ പ്രസംഗിച്ചു. ഒടുവിൽ അദ്ധ്യക്ഷൻ തീരുമാനം പറഞ്ഞതിന്റെ സംക്ഷേപം മുമ്പ് പഠിച്ചല്ലോ. ന്യായപ്രമാണകാര്യം പറഞ്ഞ് സഭയിലേക്ക് വരുന്നവരെ അസഹ്യപ്പെടുത്തരുത് എന്നായിരുന്നു വിധി. ഇത് അന്ത്യോക്യയിലേക്കും പ്രത്യേക ദുതന്മാർ മുഖാന്തരം അറിയിച്ചു. (യൂദ, ശീലാസ്)

**ബർന്നബാസിന്റെ രണ്ടാം സുവിശേഷ യാത്ര (15:15 –38)**

ബർന്നബാസ് യോഹന്നാനോടുകൂടി വീണ്ടും പൗലൊസുമൊത്ത് ഒരു സുവിശേഷ യാത്രയ്ക്ക് ആഗ്രഹിച്ചു. പൗലൊസിനെ അറിയിച്ചെങ്കിലും ഒന്നാം യാത്രയിൽ നിങ്ങളെ വിട്ട് തിരികെ പോയവനെ വീണ്ടും ചേർത്തുകൊണ്ടു പോകുന്നതിൽ വിസമ്മതം പ്രകടിപ്പിച്ചു. അതിനാൽ സുവിശേഷ യാത്ര രണ്ടു നേതാക്കളുടെ നേതൃത്വത്തിൽ രണ്ടായി വർദ്ധിക്കുവാൻ ഇടയായി. അവരിൽ ബർന്നബാസ് യോഹന്നാനെയും കൂട്ടി കുപ്രോസ് ദ്വീപിലേക്കും പൗലൊസ് ശീലാസിനെയും കൂട്ടി രണ്ടാം മിഷണറി

When a lame man was healed in Lystra, the people made Paul and Barnabas the name of gods and started worshipping them. In lystra, Iconim and Antioch, Barnabas was persecuted. Later they came back through the same route.

**Barnabas and the Jerusalem council (15:1-34)**

Saul and Barnabas came to Jerusalem to solve the problem raised by the Jews regarding the circumcision of Christians. There were discussions between the apostles, in Jerusalem. The chairman of the council was James the brother of the Lord. Peter, Paul and Barnabas made speeches on the subject. At last, they arrived at the conclusion that the Jewish laws were not to affect the Christians. The decision was communicated to the church in Antioch through special messengers (Judas and Silas).

**Barnabas Second Missionary Journey (15:35-38)**

Barnabas wanted to go for the second missionary journey along with John Mark and Paul. But Paul refused to take John Mark with him, since he had abandoned them in the first journey. Therefore Paul and Barnabas separated and Paul took Silas and went on the second missionary journey, while Barnabas took John Mark and went to Cyprus. There is no further evidence about Barnabas' second journey.

**Barnabas in Paul's Epistles:**

From his epistles, it is clear that Paul highly esteemed Barnabas (1 Cor. 9:6). Paul took pride that he and Barnabas did work with their own hands (Gal. 2:1,9,13). Paul says Barnabas supported the Jews. Paul met

യാത്രയ്ക്കും അയയ്ക്കപ്പെട്ടു. ബർന്നബാസിന്റെ സുവിശേഷ പ്രചാരണ പരിപാടികളെക്കുറിച്ച് പിന്നെ അധികമൊന്നും അറിയുന്നില്ല.

**പൗലൊസിന്റെ ലേഖനങ്ങളിൽ ബർന്നബാസ്**

പൗലൊസിനു ബർന്നബാസിനെക്കുറിച്ച് വലിയ മതിപ്പായിരുന്നു എന്ന് തന്റെ ലേഖനങ്ങളിൽ നിന്നും മനസ്സിലാക്കാം. 1 കൊരി. 9:6 ബർന്നബാസും താനും വേല ചെയ്ത് ഉപജീവനം കഴിച്ചത് അഭിമാന ത്തോടെ പൗലൊസ് ഓർക്കുന്നു ഗലാ. 21:1, 9, 13 ബർന്നബാസിനും യഹൂദന്മാരുടെ അഭിപ്രായത്തിന് (പരിഛേദനയിൽ) അനുകൂലം ഉണ്ടായിരുന്നതായി പറയുന്നു. ((പൗലൊസിന്റെ ഒടുവിലത്തെ റോം ബന്ധനത്തിൽ ബർന്നബാസിന്റെ മച്ചുനനായ മർക്കൊസിനെ കാണുന്നു. ആദ്യം അവനെ കൊണ്ടു പോകാഞ്ഞതിനാൽ അവൻ പോരായ്മ നികത്തി തികഞ്ഞവനായി കാണുന്നു) ഇതിലുപ രിയായി ബർന്നബാസിന്റെ പ്രവർത്തനം അന്ത്യം ഇവ നമുക്ക് അറിവായിട്ടില്ല.

**ബർന്നബാസിന്റെ സ്വഭാവഗുണങ്ങൾ**

1. അനുകമ്പ (പ്രവൃ. 4:36,37) നിലം വിറ്റു നിസ്വാർത്ഥസഹോദരന്മാരെ സന്ധിക്കുന്നത്
2. വിശാലത (പ്രവൃ. 9:26,27) ശൗലിനെ അപ്പൊ സ്തലന്മാർ സംശയിച്ചപ്പോൾ അവൻ ഇടനില നിന്നത്
3. ഉത്തമ വിശുദ്ധൻ (പ്രവൃ. 11:24) നല്ല മനു ഷ്യൻ, പരിശുദ്ധാത്മാവിലും വശ്വാസത്തിലും നിറ ഞ്ഞവൻ
4. ജനസമ്മതൻ (പ്രവൃ. 11:24) വളരെ പുരുഷാരം അവനോട് ചേർന്നു.
5. വിശ്വസ്തൻ (പ്രവൃ. 11:29, 30) യെരുശലേം സഭയ്ക്ക് കൊടുക്കേണ്ട തുക അവനെ ഏല്പിക്കു ന്നു.
6. സുവിശേഷത്തിന് വേർതിരിഞ്ഞവൻ (പ്രവൃ. 13:2)
7. സ്വയം പര്യാപ്തൻ (1 കൊരി. 9:6) സ്വന്ത കൈയാൽ വേല ചെയ്ത് ഉപജീവിച്ചു.

നമുക്ക് ബർന്നബാസുമായി നമ്മെ ഒന്നു താര തമ്യപ്പെടുത്താം.

**ചോദ്യങ്ങൾ**

1. ബർന്നബാസ് എന്ന പേരിന്റെ അർത്ഥം?
2. ബർന്നബാസ് എന്നു മാനസാന്തരപ്പെട്ടു എന്നു വിചാരിക്കാം?
3. ബർന്നബാസും ശൗലുമായി എന്നു മുതൽ പ്രവർത്തനത്തിൽ ഒന്നിച്ചു എന്നു പിരിഞ്ഞു?
4. ബർന്നബാസിന്റെ സ്വഭാവഗുണങ്ങൾ ഏവ?

john-mark in his last romen imprisonment. By that time, mark would have became a strong warrior of Christ. The end of Barnabas ministry is also not clear from the Bible.

**Characteristics of Barnabas**

1. Mercy – Acts 4:36,37 (He sells his possession and gives to apostles)
2. Open minded – Acts 9:26,27 (He introduces Saul to the apostles without doubting).
3. Holiness – Acts 11:24 (He was full of faith and Spirit).
4. Accepted by men – Acts 11:24 (Many people joined with him).
5. Faithful – Acts 11:29,30 (He gave money to the Jerusalem church).
6. Separated for gospel – Acts 13:2
7. Self dependant – 1 Cor. 9:6 (he worked with his own hand

Let us compare ourselves with Barnabas

**Questions: -**

1. Write meaning of Barnabas
2. How was Barnabas converted?
3. When did Saul and Barnabas come together? When did they part?
4. To where did John Mark and Barnabas go with gospel?
5. What are the characteristics of Barnabas?